മാർക്കറ്റ് വ്യത്യാസപ്പെട്ടുകൊള്ളും എന്നുകരുതി ഗവൺമെന്റ് ഇതുവരെയും അങ്ങനെയാണ് ചെയ്തത്. ഇപ്പോൾ സാമ്പത്തിക സഹായംകൊണ്ടൊന്നും രക്ഷപ്പെടില്ലായെന്നുള്ള സ്ഥിതി ടെക്സ്റ്റൈൽ മേഖലയിൽ വന്നിട്ടുണ്ട്. പഞ്ഞിയുടെയും നൂലിന്റെയും വില തമ്മിലുള്ള വ്യത്യാസം രാജ്യം മുഴുവനുണ്ട്. പക്ഷേ, ഇനി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എന്ത് interference പറ്റുമെന്നുള്ളത് വ്യവസായ വകുപ്പും ഫിനാൻസ് വകുപ്പുംകൂടി റിവ്യൂ ചെയ്യുന്നുണ്ട്, അതിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കും. അല്ലാതെ പ്രത്യേകിച്ചൊന്നും പറയാൻ കഴിയുന്നില്ല. രാജ്യമാകെ 2011 മുതൽ നിലനിൽക്കുന്ന മാന്ദ്യമാണ് ഈ വ്യവസായ മേഖലയെ ബാധിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ സിസ്റ്റത്തിൽ എന്തെങ്കിലും മാറ്റം വരുത്തി എന്തു ചെയ്യാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച് ആലോചിക്കാം.

(4) സർവ്വീസ് റോഡ് നിർമ്മാണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ദേശീയപാത 47-ൽ വാളയാർ-വടക്കാഞ്ചേരി നാലുവരി പാതയിൽ ഉൾപ്പെട്ട നാലകംപള്ളി പാലം മുതൽ കൂട്ടുപാത ജീവാസ് തിയേറ്റർ വരെയുള്ള പ്രദേശത്ത് സർവ്വീസ് റോഡ് നിർമ്മിച്ചിട്ടില്ല. കേരളത്തിലെ രണ്ടാമത്തെ വലിയ വ്യാവസായിക മേഖലയായ കഞ്ചിക്കോടിനോട് ചേർന്നുകിടക്കുന്ന ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശത്ത് സർവ്വീസ് റോഡിന്റെ അഭാവം ഗുരുതരമായ യാത്രാക്ലേശമാണ് ഉണ്ടാക്കുന്നത്. ഈ ഭാഗത്തുള്ള ഈ റോഡിന് ഒന്നര കി.മീ. ദൂരം മാത്രമാണുള്ളത്. ദേശീയപാതയിലേക്ക് നേരിട്ട് പ്രവേശിക്കുന്ന 21 റോഡുകൾ ഇരുവശങ്ങളിലുമായി ഉണ്ട്. അതുവഴി ദേശീയപാതയിലേയ്ക്ക് നേരിട്ട് കയറുന്നതിനും തിരിച്ച് പോകുന്നതിനുമുള്ള വാഹനങ്ങൾ പാതയിലെ സുഗമമായ ഗതാഗതത്തിന് തടസ്സമാകുകയും സമീപഭാവിയിൽ തന്നെ ഇതൊരു അപകടമേഖലയായി മാറുകയും ചെയ്യുന്നതാണ്. എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ഈ സ്ഥലത്ത് സർവ്വീസ് റോഡ് പണിയണമെന്ന ആവശ്യം ശക്തമായി ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരും നാഷണൽ ഹൈവേ അതോറിറ്റിയും അനങ്ങാപ്പാറ നയമാണ് സ്വീകരിച്ചിരിക്കുന്നത്. നാട്ടുകാരുടെ ഈ ആവശ്യം നേടിയെടുക്കുന്നതിന് അടിയന്തരമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, എൻ.എച്ച്. 47-ലെ വാളയാർ മുതൽ വടക്കാഞ്ചേരി വരെയുള്ള ഭാഗം നാല് വരി പാതയാക്കുന്നതിനുള്ള പ്രവർത്തി

LIBRARY ARCHIVES Kerala Legislative Assembly

ദേശീയപാത അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ കൺസൂക്ഷൻ എഗ്രിമെന്റിൽ നാലകംപള്ളി പാലം മുതൽ കൂട്ടുപാത ജീവാസ് തീയേറ്റർ വരെയുള്ള ഭാഗത്ത് സർവ്വീസ് റോഡ് നിർമ്മാണം ഉൾപ്പെടുന്നില്ല. സ്ഥലവാസിയും പാലക്കാട് ലോകസഭാംഗവും ഈ ആവശ്യമുന്നയിച്ച് നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ 3.5 കി.മീ നീളത്തിൽ ഏകദേശം 25.6 കോടി രൂപ ചെലവിൽ ഇരുവശങ്ങളിലും സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് കൺസൂക്ഷൻ എഗ്രിമെന്റിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുള്ള ശിപാർശ ദേശീയപാത അതോറിറ്റിക്ക് സമർപ്പിച്ചിരുന്നു. പിന്നീട് പാലക്കാട് ലോകസഭാ മെമ്പറുടേയും പൂതുശ്ശേരി കോ-ഓർഡിനേഷൻ കമ്മിറ്റിയുടേയും കത്ത് പ്രകാരം നാലകംപള്ളി പാലം മുതൽ പൂതുശ്ശേരി വെസ്റ്റ് വില്ലേജ് ഓഫീസ് വരെയുള്ള ഭാഗത്തിന്റെ വലത് വശത്ത് 2.1 കിലോമീറ്റർ സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനും ഇടതുവശത്തുള്ള പഴയ ദേശീയപാത ശക്തിപ്പെടുത്തി സർവ്വീസ് റോഡ് ആരംഭിക്കുന്നതിനും അഭ്യർത്ഥിക്കുകയുണ്ടായി. അതുപ്രകാരം സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് ഏകദേശം 15 കോടിരൂപ ചെലവുവേണ്ടി വരും. ഈ പ്രവൃത്തി കൺസൂക്ഷൻ എഗ്രിമെന്റിൽ ഉൾപ്പെടുത്തുന്നതിനുള്ള പുതുക്കിയ ശിപാർശ പ്രോജക്ട് ഡയറക്ടർ ദേശീയപാത അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള സമ്മർദ്ദം കേരള ഗവൺമെന്റ് നാഷണൽ ഹൈവേ അതോറിറ്റിയിൽ ചെലുത്തുന്നതാണ്. അതോടൊപ്പം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യങ്ങൾ ചെയ്യുന്നതാണ്.

(5) കേന്ദ്ര പാക്കേജിന്റെ ആനുകൂല്യം ലഭ്യമാക്കൽ

ശ്രീ. കെ. കെ. നാരായണൻ : സർ, കേന്ദ്ര ഗവൺമെന്റ് 2011-ലെ ബഡ്ജറ്റിൽ 3,358 കോടി രൂപയുടെ പാക്കേജാണ് കൈത്തറി പുനരുദ്ധാരണ പദ്ധതിക്കുവേണ്ടി അന്ന് പ്രഖ്യാപിച്ചത്. ഇതിന്റെ ആനുകൂല്യങ്ങൾ കേരളത്തിൽ 124 സംഘങ്ങൾക്ക് മാത്രമാണ് ലഭിച്ചത്. പ്രത്യേകിച്ച് കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലുള്ള ഒരു സംഘത്തിനും ആനുകൂല്യം ലഭിച്ചിട്ടില്ല. ഇവർക്ക് കൊടുക്കാനുള്ള സംവിധാനം വേഗം ഉണ്ടാക്കുമെന്ന് വ്യവസായ വകുപ്പുമന്ത്രി നേരത്തേ പ്രഖ്യാപിച്ചതാണ്. എന്നാൽ ഇതുവരെ ഒന്നും നടന്നില്ല. എന്നാൽ മേൽപ്പറഞ്ഞ പാക്കേജ് പ്രകാരം പലിശയും കടവും എഴുതിത്തള്ളുമെന്നുള്ള പ്രതീക്ഷവച്ച് സംഘങ്ങൾ കാത്തുനിൽക്കുകയാണ്. തകർച്ചയിൽനിന്ന് തകർച്ചയിലേയ്ക്ക് പോയികൊണ്ടിരിക്കുന്ന കൈത്തറി സംഘങ്ങളെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നേടിക്കൊടുത്ത് കടക്കെണിയിൽനിന്ന് രക്ഷപ്പെടുത്താനുള്ള സംവിധാനമുണ്ടാക്കുമോയെന്നാണ് എനിക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly